വ്യവസായവും എക്സൈസും പ്രാദേശികസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കണ്ണൂരാമൻ):

(എ) ഉണ്ട്.

(ബി) കാളനിസ്ഥാപനത്തിനു സ്ഥലസൗകര്യത്തെപ്പറ്റി വേണ്ട അന്വേഷണങ്ങളും നടത്തിവരുന്നു.

കണക്ക പരിശോധന

* ൭൯൩. (൫൩) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) എഫ്. എ. സി. ടി. കമ്പനിയിലെ കഴിഞ്ഞ കൊല്ലത്തെ കണക്ക് ഗവണ്മെൻറിൽനിന്നും പരിശോധിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആര പരിശോധിച്ചു;

(സി) കമ്പനി ഇപ്പോൾ ലാഭത്തിലാണോ നടക്കുന്നത്?

വ്യവസായവും എക്സൈസും പ്രാദേശികസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കണ്ണൂരാമൻ):

(എ) ഇല്ല.

(ബി) കമ്പനി ഓഡിറ്റർമാർ മാത്രമെ പരിശോധിച്ചിട്ടുള്ളൂ.

(സി) അതെ.

അലുമിനിയം കമ്പനി

* ൭൯൭. (൫൪) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഇൻഡ്യൻ അലുമിനിയം കമ്പനി ഡയറക്ടർ ബോർഡിൽ ഗവണ്മെൻറ പ്രതിനിധിയുണ്ടോ;

(ബി) ആ കമ്പനികാര്യം ഇപ്പോൾ ലാഭത്തിലാണോ നടക്കുന്നത്?

വ്യവസായവും എക്സൈസും പ്രാദേശികസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കണ്ണൂരാമൻ):

(എ) ഉണ്ട്.

(ബി) അതേ.

ധനസഹായം

* ൭൯൮. (൫൫) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കഴിഞ്ഞ മാർച്ചുമാസത്തിനുശേഷം ഈ സംസ്ഥാനത്തു ഏതെങ്കിലും കമ്പനികാര്യത്തിനു ധനസഹായം ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം കമ്പനികാര്യത്തിനു?

വ്യവസായവും എക്സൈസും പ്രാദേശികസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കണ്ണൂരാമൻ):

(എ) ഉണ്ട്.

(ബി) ഒരു സ്റ്റേറ്റമെണ്ട് മേശപ്പുറത്തു വച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(Statement referred to in part (b) of the question)

കമ്പനികൾക്ക് ധനസഹായം ചെയ്തതിന്റെ സ്റ്റേറ്റുമെന്റ്

	കമ്പനിയുടെ പേര്	വായ്പ തുക	റിമാർക്സ്
		രൂ.	
ക	ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ്	ക ൦,൦൦,൦൦൦	കാസ്റ്റിക്ക് സോഡാപ്ലാന്റിനു വേണ്ടി; ൪½% പലിശ
ഖ	അഴകപ്പാ ടെക്സ്റ്റൈൽസ്	ക ൦,൦൦,൦൦൦	൫% പലിശ
ഗ	കൊച്ചിൻ മാലിയബിൾസ്	൫ ൦,൦൦൦	൫% പലിശ
ഘ	ട്രാവൻകൂർ റയോൺസ് കമ്പനി ലിമിറ്റഡ്	ഗ ൦,൦൦,൦൦൦	൪% പലിശ

സംസ്ഥാനത്തെ കുടിൽവ്യവസായം

*൭൭൯. (൫൭) ശ്രീ. എ. കെ. ശങ്കുണ്ണി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഈ സംസ്ഥാനത്തു് കുടിൽവ്യവസായം ഗവണ്മെണ്ടു നേരിട്ടു് നടത്താൻ ആലോചനയുണ്ടോ;

(ബി) കുടിൽവ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനു് സെൻട്രൽ ഗവണ്മെണ്ടിൽനിന്നും ധനസഹായം നൽകുമോ; ഉവ്വെങ്കിൽ എന്തു വ്യവസ്ഥയിൽ;

(സി) കുടിൽവ്യവസായം നടത്തുന്ന സഹകാരിവ്യക്തികൾക്കു് ഗവണ്മെണ്ടിൽനിന്നും ധനസഹായം നൽകുമോ; ഉവ്വെങ്കിൽ എന്തു വ്യവസ്ഥയിൽ?

വ്യവസായവും എക്സൈസും പ്രാദേശികസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കണ്ണമ്പരാമൻ):

(എ) ഇല്ല.

(ബി) ചില പ്രത്യേക പ്രവർത്തനങ്ങൾക്കു് സഹായം നൽകുവാൻ സെൻട്രൽഗവണ്മെണ്ടിലേക്കു് അപേക്ഷിച്ചിട്ടുണ്ടു്. ഇതുവരെ തീരുമാനമൊന്നുമുണ്ടായിട്ടില്ല.

(സി) നൽകിവരുന്നുണ്ടു്. സ്റ്റെയിറ്റു് എയിഡഡു് ഇൻഡസ്ട്രിസ് നിയമങ്ങളും, ഗ്രാമോദ്ധാരണപദ്ധതികളും, എന്നിവയനുസരിച്ചു്.

കയറുസാമാനങ്ങൾക്കു് അന്യരാജ്യങ്ങളിലെ വിപണി

*൭൫൦. (൫൫) ശ്രീ. എ. കെ. ശങ്കുണ്ണി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഇന്നാട്ടിൽ ഉണ്ടാകുന്ന കയറു്, കയറുപായു്, ചവിട്ടി മുതലായവ വിറ്റഴിക്കുന്നതിനു് അന്യരാജ്യങ്ങളിൽ വിപണി കണ്ടുപിടിക്കാൻ ഗവണ്മെണ്ടു് എന്തെങ്കിലും ചെയ്തിട്ടുണ്ടോ;

(ബി) പാശ്ചാത്യരാജ്യങ്ങളിൽ ഇവ വിറ്റഴിക്കുവാൻ ധാരാളം സാധ്യതകളുണ്ടെന്നു് ഗവണ്മെണ്ടിനറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly